# പതിമൂന്നാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1546 — 18.6.2012-ൽ മറുപടിയ്ക്ക്

## വയനാട് ന്യൂട്രിഷൻ പദ്ധതി

| ചോദ്യം<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ഉത്തരം<br>ശ്രീ.ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
|---|---|
| (എ) ഐ.എം.ജി യുടെ നേതൃത്വത്തിൽ വയനാട് ന്യൂട്രിഷൻ പദ്ധതി നടപ്പാക്കുന്നുണ്ടോ; | ഇല്ല. എന്നാൽ വയനാട് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇത്തരത്തിലുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കയാണ്; | അഡോളസന്റ് പെൺകുട്ടികൾക്കും, ഗർഭിണികൾക്കും, പാലൂട്ടുന്ന അമ്മമാർക്കും, 7 നും 17നും മദ്ധ്യേ പ്രായമുള്ള കുട്ടികൾക്കും പോഷകമൂല്യങ്ങളുടെ കുറവ് കണ്ടെത്തി പരിഹരിക്കുക എന്നുള്ളതാണ് ഉദ്ദേശം. ഇതിനുവേണ്ടിയുള്ള ഒരു അടിസ്ഥാന വിവര ശേഖരണം നടത്തുന്നതിലേക്കാവശ്യമായ ക്വസ്റ്റ്യനേയർ, ട്രെയിനിംഗ് പ്ളാൻ, ട്രെയിനിംഗ് മൊഡ്യൂൾ എന്നിവ തയ്യാറാക്കുന്നിനുള്ള ചുമതല ഐ.എം ജി യെ ഏൽപ്പിച്ചിട്ടുണ്ട് |

| | | |
|---|---|---|
| (സി) | പ്രസ്തുത പദ്ധതി ആരാണ് ഫെസിലിറ്റേറ്റ് ചെയ്യുന്നതെന്ന് പറയാമോ; | സോഷ്യൽ വെൽഫയർ പ്രിൻസിപ്പൽ സെക്രട്ടറി, ഈ പ്രോജക്ടിന്റെ നോഡൽ ഓഫീസർ ആയും മാനന്തവാടി സബ്കളക്ടർ സർവ്വേ കോർഡിനേറ്റർ ആയും ആണ് പ്രവർത്തിയ്ക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | അടിസ്ഥാന വിവരശേഖരത്തിനു വേണ്ടിയുള്ള ക്വസ്റ്റ്യനേയർ തയ്യാറാക്കി വരുന്നതേയുള്ളു. |

സെക്ഷൻ ഓഫീസർ